**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*229.** **09.03.2018 ൽ മറുപടിയ്ക്ക്**

**ലഹരി മാഫിയകളെ ഇല്ലാതാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.എൽദോ എബ്രഹാം | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാടൻ കഞ്ചാവ് മുതൽ കൊക്കെയിൻ വരെയുള്ള ലഹരി മരുന്നുകളുടെ ഉപയോഗം വർദ്ധിക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ അതിന്റെ കാരണങ്ങൾ അറിയിക്കുമോ; | (എ) | മയക്കുമരുന്ന് കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മദ്യത്തെ അപേക്ഷിച്ച് മയക്ക് മരുന്ന് കൈവശം വച്ച് കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യവും മയക്ക് മരുന്നിൽ നിന്ന് ലഹരി കൂടുതലായി ലഭിക്കുന്നതുമാകാം ഇതിന് കാരണം. |
| (ബി) | രാജ്യാന്തര ലഹരി വിപണിയുമായി കേരളത്തിലെ മാഫിയയ്ക്കുള്ള ബന്ധം ഇവിടെ ലഭിക്കുന്ന ലഹരി ഉൽപ്പന്നങ്ങളുടെ വൈവിധ്യത്തിൽ നിന്ന് വ്യക്തമാണെങ്കിലും പ്രസ്തുത ലഹരിമാഫിയകളെ അമർച്ച ചെയ്യുന്നതിനുള്ള സർക്കാർ ശ്രമങ്ങൾ ഫലപ്രദമാകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (ബി) | കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുടെ വിപണനവും വ്യാപനവും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും പ്രത്യേകിച്ച് കിഴക്ക്, വടക്ക്-കിഴക്ക് സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവരുന്ന കഞ്ചാവ് കേരളത്തിന്റെ അടുത്തുകിടക്കുന്ന തമിഴ്നാടിന്റെ അതിർത്തി പ്രദേശങ്ങളിൽ ശേഖരിച്ച് റെയിൽ/റോഡ് മാർഗ്ഗവും കാൽനടയായും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് കടത്തുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഇതു തടയുന്നതിന് കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് സംയുക്ത യോഗങ്ങൾ കൂടി വിവരങ്ങൾ കൈമാറി കർശന നടപടികളെടുത്തു വരുന്നു. കൂടാതെ സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. വകുപ്പുകളുമായി സംയുക്ത പരിശോധനകളും, ബോർഡർ പട്രോളിംഗും, എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള |

| | | | |
|---|---|---|---|
| | | | പ്രത്യേക സ്ക്വാഡുകളും ഷാഡോ സംവിധാനങ്ങളും മയക്കുമരുന്ന് വിപണനം ഉൻമൂലനം ചെയ്യുന്നതിന് ശക്തമായ നടപടിയെടുത്തു വരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ മാസം ഗൾഫിലേക്ക് കടത്തുന്നതിന് കൊണ്ടുവന്ന 30 കോടി രൂപ വിലയുള്ള 5.020 കി.ഗ്രാം എം.ഡി.എം.എ. എന്ന മാരകമായ മയക്കുമരുന്ന് കൊച്ചിയിൽ വച്ച് എക്സൈസ് വിഭാഗം പിടികൂടി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര മാഫിയ ബന്ധം സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ നടന്നു വരുന്നു. ലഹരി മാഫിയകളെ അമർച്ച ചെയ്യുന്നതിന് അതിശക്തവും ഫലപ്രദമായതുമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിൽ പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗം വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ആയത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഇടയിൽ ഇത്തരം ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരുന്നതും വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നതും കണ്ടെത്തുന്നതിന് സ്കൂൾ പരിസരങ്ങളിൽ എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. വിദ്യാർത്ഥികളെ ലഹരി പദാർത്ഥങ്ങളുടെ വാഹകരാക്കിയതിനും, മയക്കു മരുന്ന് നൽകിയതിനും 2012 ജനുവരി മുതൽ 2018 ജനുവരി 31 വരെ എക്സൈസ് വകുപ്പ് 295 കേസ്സുകൾ രജിസ്റ്റർ ചെയ്ത് പരമാവധി ശിക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>'വിമുക്തി' മിഷന്റെ ഭാഗമായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമായി നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. ലഹരിയ്ക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം പ്രചരിപ്പിച്ച് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കലാലയങ്ങളിൽ അക്കാദമികമായ പ്രവർത്തനങ്ങളിൽ ശ്രദ്ധ ചെലുത്താതെ വിദ്യാർത്ഥികൾ ലഹരി വ്യാപാരത്തിനായി മാത്രം അഡ്മിഷൻ നേടുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ